ഭൂമി, വീട്, ശൗചാലയം എന്നിവയില്ലാത്ത പട്ടികജാതി കുടുംബങ്ങൾ

213 (6918) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമി, വീട്, ശൗചാലയം എന്നിവയില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ കണക്ക് ലഭ്യമാണെങ്കിൽ വിശദമാക്കുമോ ;

(ബി) ഇവയുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) സഹായത്തോടെ നടത്തിയ സർവ്വേ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഭൂമിയില്ലാത്ത പട്ടികജാതിക്കാരുടെ എണ്ണം	25154
വീടില്ലാത്ത പട്ടികജാതിക്കാരുടെ എണ്ണം	16599
ശൗചാലയം ഇല്ലാത്ത പട്ടികജാതിക്കാരുടെ എണ്ണം	86318

(ബി&സി) 2009-10-ൽ 'കില' യുടെ സഹായത്തോടുകൂടി പട്ടികജാതിക്കാരുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ട്.

അംബേദ്കർ ഭവൻ പദ്ധതിക്ക് നീക്കി വച്ച തുക

214 (6919) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംബേദ്കർ ഭവൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതി എന്ന് മുതൽ ആരംഭിച്ചുവെന്ന് പറയാമോ ;

(സി) പ്രസ്തുത പദ്ധതിക്കായി 2013-14 വർഷം എത്രതുക നീക്കിവച്ചു എന്നും ആയതിൽ എത്ര തുക ചെലവഴിച്ചു എന്നും ഏതെല്ലാം പരിപാടികൾക്കാണ് ഈ തുക വിനിയോഗിച്ചതെന്നും പറയാമോ ;

(ഡി) 2014-15 വർഷത്തിൽ ഈ പദ്ധതിക്കായി നീക്കിവച്ച തുക എത്രയെന്നും ഏതെല്ലാം പദ്ധതിക്കായി എത്രവീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഖിലേന്ത്യാ സർവ്വീസിലേക്കുള്ള പരീക്ഷകൾക്ക് പരിശീലനം നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് ട്രെയിനിംഗ് സൊസൈറ്റി ആദ്യഘട്ടത്തിൽ പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ മാധ്യമ മേഖലയിൽ തൊഴിൽ സാദ്ധ്യതയേറിയ കോഴ്സുകൾ നടത്തുന്ന ഒരു സ്ഥാപനം ആരംഭിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ആഡിറ്റോറിയം, ലേണിംഗ് സെന്റർ, മ്യൂസിയം, ആർട്ട്ഗ്യാലറി എന്നിവ ആരംഭിക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) 2003-04 സാമ്പത്തിക വർഷം മുതലാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത്.

(സി) 2013-14 വർഷം 'അംബേദ്കർ ഭവനാ'-യി പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല. എന്നാൽ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററിനു വേണ്ടി ക്ലാസ്സ് റൂമുകൾ, ലൈബ്രറി, ഫാക്കൽറ്റി റൂം, കമ്പ്യൂട്ടർ ലാബ്, റിസപ്ഷൻ എന്നിവയുടെ ഇന്റീരിയർ ഫർണിഷിംഗ്, പെയിന്റിംഗ് എന്നീ നിർമ്മാണ ജോലികൾക്കായി 35 ലക്ഷം രൂപ 2225-01-001-94 (പി) എന്ന ശീർഷകത്തിൽനിന്നും ചെലവഴിക്കുന്നതിന് സ.ഉ. (ആർ.റ്റി.) 322/14/പജപവവിവ. തീയതി 21-2-2014 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇലക്ഷൻ പ്രഖ്യാപനം വന്നതിനാൽ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ ടി സർക്കാർ ഉത്തരവ് റിവാലിഡേറ്റ് ചെയ്യുന്ന വിഷയം പരിഗണനയിലാണ്.

(ഡി) 2014-15 വർഷം 'അംബേദ്കർ ഭവനാ' യി പ്രത്യേകം തുക വക യിരുത്തിയിട്ടില്ല. എന്നാൽ, 2225-01-001-94 (പി) എന്ന ശീർഷകത്തിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി 1,17,500 രൂപ KSEB-ക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ തോപ്പിൽ സ്വയംപര്യാപ്ത കോളനി

215 (6920) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട 'തോപ്പിൽ കോളനി' സ്വയം പര്യാപ്ത പട്ടികജാതി കോളനിയായി നവീകരിക്കുന്നതിന് വേണ്ട നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) നിർമ്മാണച്ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) എന്ത് തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly